## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2951** **12-07-2022 - ൽ മറുപടിയ്ക്ക്**

## മത്സ്യബന്ധന മേഖലയിലെ അനഭിലഷണീയ പ്രവർത്തനങ്ങൾക്കെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യസമ്പത്ത് കൊള്ളയടിക്കുവാനും അവ മത്സ്യതൊഴിലാളികൾക്ക് ലഭ്യമല്ലാതാക്കുവാനുമായി പ്രവർത്തിയ്ക്കുന്ന സംഘങ്ങൾ സംസ്ഥാനത്ത് സജീവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മത്സ്യസമ്പത്ത് കൊള്ളയടിക്കുവാനും അവ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാതാക്കു വാനുമായി പ്രവർത്തിയ്ക്കുന്ന സംഘങ്ങൾ സംസ്ഥാനത്ത് സജീവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>KMFR Act ന വിധേയമായാണ് സംസ്ഥാനത്ത് മത്സ്യബന്ധനം നടക്കുന്നത്. അനധികൃത മത്സ്യബന്ധനങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. KMFR Act ന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും, കടൽ പട്രോളിംഗ് ശക്തമാക്കാനും, KMFR Act ലംഘിച്ച് അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുവാനും എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും, ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കടൽ പട്രോളിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി 9 തീരദേശ ജില്ലകളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ ഇല്ലാതിരുന്ന 4 ജില്ലകളായ ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ പുതുതായി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിച്ച് പ്രവർത്തിച്ചു തുടങ്ങുകയും ടി ജില്ലകളിലും പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സംഘങ്ങൾ മത്സ്യവില വർധിപ്പിച്ച് അനധികൃത ലാഭം കൊയ്യുവരുന്നതും ആയത് തീരദേശ മേഖലയേയും മത്സ്യതൊഴിലാളികളേയും മത്സ്യവിപണന മേഖലയേയും പ്രതികൂലമായി | (ബി) | മത്സ്യസമ്പത്ത് കൊള്ളയടിക്കുവാനും അവ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാതാക്കു വാനുമായി പ്രവർത്തിയ്ക്കുന്ന സംഘങ്ങൾ |

| | | | |
|---|---|---|---|
| | ബാധിയ്ക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | സംസ്ഥാനത്ത് സജീവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>KMFR Act നു വിധേയമായാണ് സംസ്ഥാനത്ത് മത്സ്യബന്ധനം നടക്കുന്നത്. അനധികൃത മത്സ്യബന്ധനങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. KMFR Act ന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും, കടൽ പട്രോളിംഗ് ശക്തമാക്കാനും, KMFR Act ലംഘിച്ച് അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുവാനും എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും, ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കടൽ പട്രോളിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി 9 തീരദേശ ജില്ലകളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ ഇല്ലാതിരുന്ന 4 ജില്ലകളായ ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ പുതുതായി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിച്ച് പ്രവർത്തിച്ചു തുടങ്ങുകയും ടി ജില്ലകളിലും പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ മത്സ്യബന്ധനങ്ങൾ കേന്ദ്ര, സംസ്ഥാന നിയമങ്ങൾക്ക് വിധേയമായി മാത്രമാക്കുന്നതിനും കോസ്റ്റൽ പോലീസ്, ഫിഷറീസ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ഫൈനുകൾ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | മത്സ്യസമ്പത്ത് കൊള്ളയടിക്കുവാനും അവ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാതാക്കുവാനുമായി പ്രവർത്തിയ്ക്കുന്ന സംഘങ്ങൾ സംസ്ഥാനത്ത് സജീവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>KMFR Act നു വിധേയമായാണ് സംസ്ഥാനത്ത് മത്സ്യബന്ധനം നടക്കുന്നത്. അനധികൃത മത്സ്യബന്ധനങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. KMFR Act ന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും, കടൽ പട്രോളിംഗ് ശക്തമാക്കാനും, KMFR Act ലംഘിച്ച് അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുവാനും എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും, ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കടൽ പട്രോളിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി 9 തീരദേശ |

| | | | |
|---|---|---|---|
| | | | ജില്ലകളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ ഇല്ലാതിരുന്ന 4 ജില്ലകളായ ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ പുതുതായി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിച്ചു പ്രവർത്തിച്ചു തുടങ്ങുകയും ടി ജില്ലകളിലും പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ